# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 14/09/2021


## യുവാവിനെ ആക്രമിച്ചിട്ട് ഒളിവിലായിരുന്നയാൾ പോലീസ് പിടിയിലായി

കൊല്ലം : യുവാവിനെ ആക്രമിച്ചിട്ട് ഒളിവിലായിരുന്നയാളെ പള്ളിത്തോട്ടം പോലീസ് പിടികൂടി. പള്ളിത്തോട്ടം കടപ്പുറം പുറംപ്പോക്കിൽ കൊടിമരം ജംഗ്ഷന് സമീപം സെഞ്ചുറി നഗർ 158 ൽ ജയിംസ് മകൻ ചെണ്ട അനി എന്നറിയപ്പെടുന്ന ജോസ് ജയിംസ്(36)ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ ഏപ്രിൽ രണ്ടാം വാരമാണ് ആക്രമണം നടന്നത്. സംഭവത്തിന് ശേഷം ഇയാൾ ഒളിവിലായിരുന്നു. ഇയാളുടെ കൂടെ ആക്രമണത്തിൽ പങ്കെടുത്ത മൂന്ന് പേർ പലപ്പോഴായി പള്ളിത്തോട്ടം പോലീസ് പിടികൂടിയിരുന്നു. റോഡിലൂടെ മോട്ടോർ സൈക്കിളിൽ സഞ്ചരിച്ച് വന്ന പള്ളിത്തോട്ടം സ്വദേശി ലൗലാന്റിൽ സക്കീർമകൻ ഷാനുവിനെയാണ് ആക്രമിച്ച് ഇയാൾ സഞ്ചരിച്ച് വന്ന മോട്ടോർ സൈക്കിൾ നശിപ്പിച്ചത്. കമ്പിവടികൊണ്ടുള്ള അടിയേറ്റ് എല്ലിന് പൊട്ടൽ ഉണ്ടായി ഗുരുതരമായി പരിക്കേറ്റ ഷാനുവിനെ കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. സംഭവത്തിന്ശേഷം കൊല്ലം വിട്ട് പോയ പ്രതി തിരികെ വന്നതായി ജില്ലാപോലീസ് മേധാവി നാരയാണൻ റ്റി.ഐ.പി.എസ്സിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇയാൾ പിടിയിലായത്. പള്ളിത്തോട്ടം ഇൻസ്പെക്ടർ ഫയാസ്.ആർ, സബ്ബ് ഇൻസ്പെക്ടർ മാരായ അനിൽബേസിൽ, സജീവ് എൻ.ആർ, എ.എസ്സ്.ഐ മാരായ ശ്രീകുമാർ, സജയൻ എന്നിവരടങ്ങിയ സംഘമാണ് ഇയാളെ പിടികൂടിയത്.


ജോസ് ജയിംസ് @ ചെണ്ട അനി

## ക്വാറന്റൈൻ ലംഘനം - പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരം ഇരുപത്തി ഒന്ന് പേർക്കെതിരെ കേസ് എടുത്ത്

കൊല്ലം : കോവിഡ് മൂലം സമ്പർക്ക വിലക്കിൽ കഴിയവേ വിലക്ക്ലംഘിച്ച് സാമൂഹ്യമായ ഇടപഴകലുകൾ നടത്തിയ ഇരുപത്തിയൊന്ന് പേർക്കെതിരെയാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്.

വിവിധ സ്ഥലങ്ങളിൽ ആരോഗ്യപ്രവർത്തകരുടെയും ആശ വർക്കർമാരുടെയും ജനമൈത്രി പോലീസിന്റെയും സംയുക്ത നിരീക്ഷണത്തിലാണ് സമ്പർക്കവിലക്കിൽ ഏർപ്പെട്ടവരെ കണ്ടെത്തി നടപടി സ്വീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ കൊല്ലം ഈസ്റ്റ് കൊല്ലം വെസ്റ്റ്, അഞ്ചാലുമ്മൂട്, ഇരവിപുരം, ചാത്തന്നൂർ, കൊട്ടിയം, കണ്ണനല്ലൂർ, ഓച്ചിറ, ചവറ, തെക്കുംഭാഗം എന്നീ പോലീസ് സ്റ്റേഷനുകളിൽ ഒരോരുത്തർക്കെതിരെയും ശക്തികുളങ്ങര, പരവൂർ, പാരിപ്പള്ളി എന്നീ പോലീസ് സ്റ്റേഷനുകളിൽ രണ്ട് പേർക്കെതിരെയും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ മൂന്ന് പേർക്കെതിരെയുമാണ് പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തത്.

ബി ദി വാരിയർ പ്രോഗ്രാമിന്റെ ഭാഗമായി വൈവിധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ വിവിധ സ്റ്റേഷനുകളിലെ എ.എച്ച്.ഓ മാരുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. യുവത്വത്തെ കൂടുതൽ ഉത്തരവാദിത്വ ബോധമുള്ളവരാക്കി മാറ്റുവാൻ ഇത് സഹായകമാകുമെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻയ റ്റി. ഐ. പി.എസ്സ് അറിയിച്ചു. കൂടതെ ക്വാറന്റൈൻ ലംഘനത്തിൽ ഏർപ്പെടുന്നവർക്കെതിരെ അതിശക്തമായ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.